കഞ്ചാവ്, മയക്കുമരുന്ന് ലോബിയിൽ നിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ നടപടി

23 (*483) ശ്രീ. ബിനോയ് വിശ്വം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനകത്തും പുറത്തും ശക്തിപ്പെടുന്ന കഞ്ചാവ്, മയക്കുമരുന്ന് ലോബികളുടെ പിന്നിൽ പ്രബലരായ രാഷ്ട്രീയ ശക്തികളും അധികാര കേന്ദ്രങ്ങളും ഉണ്ടെന്ന് വിമർശനം ഗവണ്മെന്റ് ഗൗരവമായി കാണുന്നുണ്ടോ ;

(ബി) മയക്കുമരുന്ന് ലോബിയിൽ നിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണോ ;

(സി) വമ്പിച്ച പ്രചാരണത്തോടുകൂടി നടക്കുന്ന കഞ്ചാവ് വേട്ട ആസൂത്രിതമായ പ്രഹസനമാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കഞ്ചാവ് വേട്ട സബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ സഭയെ അറിയിക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) ഇത്തരത്തിലുള്ള ഒരു വിമർശനത്തെക്കുറിച്ച് അധികാരികമായ അറിവൊന്നും സർക്കാരിനില്ല ; എങ്കിലും സർക്കാർ ഇത്തരം കാര്യങ്ങൾ അതീവ ഗൗരമായാണ് കാണുന്നത്.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നുണ്ട്.

(സി) പ്രചാരണത്തോടുകൂടിയല്ല കഞ്ചാവ് വേട്ട നടത്തുന്നത്.

(ഡി) 2001, 2002, 2003 വർഷങ്ങളിൽ 48 റെയ്ഡുകളിലായി ഇടുക്കി, പാലക്കാട്, തൃശ്ശൂർ, മലപ്പുറം എന്നീജില്ലകളിൽ നിന്നും 13, 31, 157 കഞ്ചാവ് ചെടികളും 2787.75 കി. ഗ്രാം കഞ്ചാവും നശിപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 45 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏകദേശം 538 ഏക്കർ സ്ഥലത്തെ കഞ്ചാവ് ചെടികളാണ് നശിപ്പിച്ചിട്ടുള്ളത്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിദേശ മലയാളികൾ സംസ്ഥാനത്തേക്ക് അയയ്ക്കുന്ന തുക

1 (2449) ശ്രീ. പി. ജെ. ജോയി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ വിദേശ മലയാളികൾ പ്രതിവർഷം എന്തുതുക സംസ്ഥാനത്തേക്ക് അയക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദേശ മലയാളികൾ മുമ്പ് അയച്ചുകൊണ്ടിരുന്ന തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇപ്പോൾ അയയ്ക്കുന്ന തുകയിൽ കുറവ് വരുന്നുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ നാല് വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു :

വർഷം	രൂപ കോടിയിൽ
1999 മാർച്ച് 31 വരെ	14411
2000 മാർച്ച് 31 വരെ	18724
2001 മാർച്ച് 31 വരെ	21431
2002 മാർച്ച് 31 വരെ	24534
2002 ഡിസംബർ 31 വരെ	27487

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ വായ്പ

2 (2450) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ വായ്പയുടെ മാനദണ്ഡം എന്താണ് ;

(ബി) ഭവന വായ്പ അനുവദിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ഉയർന്ന തുകയെത്ര ;

(സി) ഇതിൽമാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ ;

(ഡി) പലിശയിനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 4-12-2002-ലെ ജി.ഒ. (പി.) 744/02/ധന. 5-2-2003-ലെ ജി. ഒ. (പി) നം. 86/2003/ധന, 20-3-2003-ലെ ജി. ഒ. (പി.) 173/2003/ധന എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.* (ഉത്തരവുകളുടെ കോപ്പികൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly